# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2743 — 02.04.2013ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. പി.കെ അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം എന്താണ് ; പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ 2013-14 അദ്ധ്യായന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം. |
| (ബി) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നറിയിക്കാമോ ; | (ബി) സംസ്ഥാനത്ത് 2012-13 അദ്ധ്യയനവർഷം ഏകദേശം 18,000 എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്. |
| (സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര ത്തകർച്ച സംബന്ധിച്ച് ഹൈക്കോടതിയുടെ നിരീക്ഷണ ത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുക യുണ്ടായോ; സർക്കാരിന്റെ കണ്ടെത്തൽ എന്തായിരുന്നു ; | (സി) പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ ചില സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരു- ടെയും മറ്റു ജീവനക്കാരുടെയും കാര്യത്തിൽ AICTE നിഷ്കർഷിക്കുന്ന സേവന-വേതന വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നും യോഗ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം AICTE മാനദണ്ഡപ്രകാരം ഇല്ലെന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മിറ്റി വിലയിരുത്തുക യുണ്ടായി. |

ചില എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | നിലവാരം ഉയർത്താനായി എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (ഇ) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജുമെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു വരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 അക്കാദമിക് വർഷം മുതൽ 4,6,8 സെമസ്റ്ററുകളിൽ യഥാക്രമം 25%,30%,35% വിജയം ഉള്ള കോളേജുകൾക്ക് മാത്രമേ നിലവിലുള്ള കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ